

## മാത്തൻ മത്തായി, മുളമൂട്ടിൽ
(1855 - 1934)

# നേത്രചികിത്സയുടെ നൂറ്റാണ്ടുകൾ
# പഴക്കമുള്ള തിളക്കമാർന്ന ഏടുകൾ

നേത്ര ചികിത്സാരംഗത്ത് കീർത്തി നേടിയ ആയൂർവ്വേദ ഭിഷഗ്വരനായിരുന്നു മുളമൂട്ടിൽ മാത്തൻ മത്തായി. മുളമൂട്ടിൽ മാത്തന്റെയും നിരണം പുതുക്കേരിൽ അന്നമ്മയുടെയും നാലാമത്തെ മകനായാണ് അദ്ദേഹം ജനിച്ചത്. പിതാവിന്റെ മരണത്തെ തുടർന്ന് മാതൃഭവനത്തിലാണ് ബാല്യകാലം പിന്നിട്ടത്. നിരണം പുതുക്കേരിൽ വൈദ്യൻമാർ എന്നറിയപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ മാതുലന്മാർ നേത്ര ചികിത്സയിൽ അദ്വിതീയരായിരുന്നു. കൊട്ടാരം വൈദ്യന്മാരായിരുന്ന ഇവരുടെ ശിക്ഷണത്തിൽ മുളമൂട്ടിൽ മാത്തൻ മത്തായി ആയൂർവേദ ചികിത്സാവിധികളും പ്രത്യേകിച്ചു നേത്രചികിത്സയും പരിശീലിച്ചു. തുടർന്ന് പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിയിൽ, പമ്പാ നദിക്കരയിലുള്ള മുളമൂട്ടിൽ തറവാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം 1885 ൽ തറവാട്ടു ഭവനത്തിൽ നേത്ര ചികിത്സ ആരംഭിച്ചു. അധികം താമസിയാതെ തന്നെ മുളമൂട്ടിൽ തറവാട് സകലവിധ നേത്രരോഗങ്ങൾക്കുമുള്ള ചികിത്സാകേന്ദ്രം എന്ന നിലയ്ക്ക് പ്രശസ്തി നേടി. എഴുപത്തിയഞ്ചാമത്തെ വയസ്സിൽ മുളമൂട്ടിൽ മാത്തൻ മത്തായി നിര്യാതനായി. അദ്ദേഹത്തിന്റെ നേർ പിന്തുടർച്ചക്കാരനായ ഡോ.ആഷ്‌ലി തോമസ് ജേക്കബ് 2003 ൽ മുളമൂട്ടിൽ ഐ ഹോസ്പിറ്റൽ ആരംഭിച്ചു. നേത്ര ചികിത്സയിൽ അന്താരാഷ്ട്ര നിലവാരമുള്ള അത്യാധുനിക സൗകര്യങ്ങളാണിവിടെ ഏർപ്പെടുത്തിയിരിക്കുന്നത്.